# മൂശാരിയേട്ട് കുടുംബചരിത്രം

## ഒന്നാം ഭാഗം

ഭാരതക്രൈസ്തവസഭയുടെ ആരംഭം കുറിക്കുന്നതു ക്രിസ്തുശിഷ്യനായ വി. തോമ്മാശ്ലീഹായുടെ ആഗമനത്തോടെയാണ്. വി. തോമ്മാശ്ലീഹാ കൊടുങ്ങല്ലൂരു വരികയും അവിടെയും സമീപപ്രദേശങ്ങളിലും ചുറ്റി സഞ്ചരിച്ച് ഉന്നതരും പ്രശസ്തരുമായ ബ്രാഹ്മണകുടുംബങ്ങളെ അദ്ഭുതങ്ങളും അടയാളങ്ങളും വഴി ക്രിസ്തുവിശ്വാസത്തിലേക്ക് ആനയിക്കുകയും അവരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഏഴു പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. അവ കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടയ്ക്കാവ് (പറവൂർ), കോക്കമംഗലം, കൊല്ലം, നിരണം, ചായൽ (നിലയ്ക്കൽ) എന്നിവയാണ്. തോമ്മാശ്ലീഹാ വഴി ക്രിസ്തീയവിശ്വാസത്തിലേക്കു വന്ന കുടുംബങ്ങൾക്കു മറ്റു സവർണ്ണ ഹിന്ദുക്കളിൽ നിന്നും സ്വന്തം ബന്ധുക്കളിൽ നിന്നും ചില സ്ഥലങ്ങളിൽ ഭരണകർത്താക്കളിൽ നിന്നും എതിർപ്പുകളും പീഢനങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. തന്മൂലം ഇവരിൽ പലരും കൊടുങ്ങല്ലൂരു വിട്ട് തെക്കോട്ടു നീങ്ങുകയും അതിൽ കുറച്ചുപേർ വൈക്കത്തിനടുത്തു കുലശേഖരമംഗലത്തു താമസമാക്കി മാറ്റപ്പറമ്പിൽ ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു. എന്നാൽ, വൈക്കം ക്ഷേത്രാധികാരികളുടെ പരാതിയെത്തുടർന്ന് ആ പള്ളി മാറ്റപ്പറമ്പിൽ നിന്നു ചെമ്പുദേശത്തു നസ്രാണിരപ്പുരയിടം എന്നു വിളിക്കുന്ന പുരയിടത്തിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടു. അങ്ങനെ ചെമ്പ്, കുലശേഖരമംഗലം എന്നീ കരകൾ ക്രിസ്ത്യാനികളുടെ അധിവാസകേന്ദ്രങ്ങളായി. ഏതാണ്ട് ആയിരത്തിൽപരം കുടുംബങ്ങൾ അവിടെ വസിച്ചിരുന്നു.

കാലാന്തരത്തിൽ കത്തോലിക്കരിൽ അനൈക്യവും കക്ഷിതിരവും ഉടലെടുത്തു. തന്മൂലം, കത്തോലിക്കർ യാക്കോബായ, മാർത്തോമ്മാ എന്നിങ്ങനെ വിവിധ സഭകളായി പിരിഞ്ഞ് തെക്കൻപ്രദേശങ്ങളി ലേക്കു താമസം മാറ്റി. ഇന്നു ചെമ്പിലും പരിസരപ്രദേശങ്ങളിലും ക്രിസ്ത്യാനികൾ അന്യമായിക്കൊണ്ടിരിക്കുകയാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ ടിപ്പുസുൽത്താന്റെ പടയോട്ടം ഭയന്ന് ചെമ്പുദേശം വിട്ടുപോന്ന കത്തോലിക്കർ കടുത്തുരുത്തി, കുറവിലങ്ങാട്, കടപ്പൂര്, കൂടല്ലൂർ കരകളിൽ വന്നു താമസമാക്കി. അവരിൽ തോമ്മാ എന്നുപേരായ ഒരു കാരണവരുടെ കുടുംബം, കടപ്പൂര് ഇന്നു മൂശാരിയേട്ട് എന്ന് അറിയപ്പെടുന്ന പുരയിടത്തിൽ വീട് വച്ചു താമസമാക്കി. ഇദ്ദേഹം അടിയുറച്ച ദൈവവിശ്വാസിയാ യിരുന്നു. പ്രാർത്ഥനയും ഉപവാസവും ജീവിതത്തിന്റെ ഭാഗമാക്കി യിരുന്ന തോമ്മാക്കാരണവർ തന്റെ കൃഷിയിടങ്ങളിൽപ്പോലും മുട്ടി ന്മേൽ നിന്നുകൊണ്ട് കർത്താവിനെ പാടിപ്പുകഴ്ത്തിയിരുന്നതായി കാരണവന്മാർ പറഞ്ഞറിയിച്ചിട്ടുണ്ട്. ബാധകളെയും വസന്തക ളെയും അകറ്റുന്ന ദൈവത്തിലുള്ള ഒരു തലമുറയുടെ ശക്തമായ വിശ്വാസത്തിന്റെ പ്രതീകമായിരുന്നു ഇദ്ദേഹം.

ഈ കുടുംബത്തിന്റെ ആദ്യ ഇടവകപ്പള്ളി കടുത്തുരു ത്തിയും പിന്നീടു കുറവിലങ്ങാടും ആയിരുന്നു. 150 വർ,ഷങ്ങൾക്കു മുൻപു കൂടല്ലൂർപള്ളി പണിത് ഇടവകയായപ്പോൾ ഈ കുടുംബവും കൂടല്ലൂർ ഇടവകയിലായി. തോമ്മാക്കാരണവർക്കും അനന്തര തല മുറകൾക്കും ആൺമക്കൾ ഒന്നു വീതമേ ഉണ്ടായിരുന്നുള്ളൂ. അങ്ങനെ പല തലമുറകൾക്കുശേഷം വന്ന മറ്റൊരു തോമ്മാക്കാ രണവർക്ക് രണ്ട് ആണ്മക്കളും മൂന്ന് പെൺമക്കളും ഉണ്ടായി. ഒരാൺ മാത്രം അവശേഷിക്കുക എന്ന ചരിത്രം തുടരുന്നതിനായിരിക്ക ണം, വിവാഹശേഷം സന്താനങ്ങളില്ലാതെ രണ്ടാമത്തെ പുത്രൻ സർപ്പദംശനമേറ്റ് അകാലചരമം പ്രാപിച്ചത്. വീണ്ടും കുടുംബത്തിൽ ഒരു മകൻ മാത്രം ശേഷിച്ചു. പൈലോ എന്നായിരുന്നു അദ്ദേഹ ത്തിന്റെ പേര്. ആയുർവ്വേദപണ്ഡിതനും മർമ്മാണിവിദഗ്ധനും ഒടി വ്, ചതവ്, മുറിവ് എന്നിവയിൽ ചികിത്സകനും കേൾവികേട്ട തിരു മ്മുകാരനും കായികാഭ്യാസിയുമായിരുന്നു അദ്ദേഹം. നാടിന്റെ നാനാ ഭാഗങ്ങളിലേക്കും ചികിത്സക്കായി അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടു പോകുമായിരുന്നു.

ആയുർവ്വേദത്തിൽ പാണ്ഡിത്യമുണ്ടായിരുന്ന പിതാക്കന്മാരിൽ നിന്നു കൈമാറിക്കിട്ടിയ അറിവാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്. ഇതിൽ നിന്നു ചെമ്പിലെ താമസക്കാലത്തും മുൻതലമുറക്കാർ ആയുർവ്വേദപണ്ഡിതരായിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്.

ഒരാൺകുഞ്ഞ് എന്ന പാരമ്പര്യം മറികടന്നകൊണ്ട് പൈലോക്കാരണവർക്ക് അഞ്ച് ആൺമക്കളും മൂന്നു പെൺമക്കളും ഉണ്ടായി. അവരിൽ മൂത്തമകൻ തോമ്മാ തറവാടായ മൂശാരിയേട്ടു തന്നെ താമസമാക്കി. രണ്ടാമൻ ഔസേപ്പിനെ എളൂക്കാലായിലും മൂന്നാമൻ വർഗീസിനെ വലിയപറമ്പിലും നാലാമത്തെ മകൻ പൈലോയെ കിഴക്കേത്തൊട്ടിയിലും വെവ്വേറെ വീടുകൾ വെച്ചു താമസിപ്പിച്ചു. പൈലോക്കാരണവരുടെ ഭാര്യ ഏലിയും ഇളയമകൻ ദേവസ്യായും കൂടി മൂശാരിയേട്ടു നിന്നും കിഴക്കേത്തൊട്ടിയിലേക്കു മാറിത്താമസിക്കുകയും ചെയ്തു. അവിടെ നിന്ന് ഇളയമകൻ ദേവസ്യായെ പുരോഹിതാന്തസ്സിലേക്ക് അയയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി മാന്നാനത്തയച്ചു പഠിപ്പിച്ചു. എന്നാൽ കണ്ണിലുണ്ടായ അസുഖത്തെത്തുടർന്നു പഠനം പൂർത്തിയാക്കാനാവാതെ തിരിച്ചു വന്ന ദേവസ്യാ  വിവാഹാന്തസ്സിൽ പ്രവേശിച്ചു. വിവാഹാനന്തരം മുതുകാട്ടിൽ പുരയിടം വാങ്ങി മാതാപിതാക്കളോടൊപ്പം അവിടേക്കു മാറിത്താമസിക്കുകയും ചെയ്തു.  പൈലോക്കാരണവരും ഭാര്യ ഏലിയും  മുതുകാട്ടിൽ വച്ച് ഇഹലോകവാസം വെടിഞ്ഞു. ഈ പൈലോ വല്ല്യപ്പച്ചന്റെ കുഞ്ഞുമകൻ ദേവസ്യായെ വൈദികനാക്കണമെന്ന ആഗ്രഹം സാധിക്കാതെ പോയതിനാലായിരിക്കാം അദ്ദേഹത്തിന്റെ മക്കൾ അഞ്ചു പേരും ചേർന്നു മൂന്നാമത്തെ മകൻ വർഗീസിന്റെ മകൻ ദേവസ്യായെത്തന്നെ വൈദികനാക്കാൻ ആഗ്രഹിച്ചു. അങ്ങനെ നവവൈദികനെ (റവ. ഫാ. സെബാസ്റ്റ്യൻ മൂശാരിയേട്ട്) ദൈവത്തിനും വല്യപ്പച്ചനും കാഴ്ചവച്ചു.

ബ. സെബാസ്റ്റ്യനച്ചന്റെ സ്കൂൾ പഠനകാലം മുതൽ പഠനസൗകര്യാർത്ഥം മുതുകാട്ടിലേക്കു താമസം മാറ്റി. വൈദികാന്തസ്സിലേക്കു തെരഞ്ഞെടുക്കപ്പെട്ട സെബാസ്റ്റ്യനച്ചനുവേണ്ടി ഒരു പ്രത്യേക കെട്ടിടം തന്നെ (ചാവടി) മുതുകാട്ടിൽ പണിയിക്കപ്പെട്ടു. ഈ കെട്ടിടത്തിൽ മറ്റാർക്കും പ്രവേശനമില്ലായിരുന്നു. ( ഈ കെട്ടിടം

-ചാവടി) ഇന്നും മുതുകാട്ടിൽ നിലനിർത്തിയിട്ടുണ്ട്. മുതിർന്നവരോടൊപ്പം മാത്രമേ കുട്ടികൾ ഇവിടെ പ്രവേശിച്ചിരുന്നുള്ളൂ. അച്ചനു വേണ്ട എല്ലാ വസ്തുക്കളും പ്രത്യേകമായിത്തന്നെ സൂക്ഷിച്ചിരുന്നു. അക്കാലഘട്ടത്തിൽ വൈദികനു സമൂഹം കല്പിച്ചിരുന്ന സ്ഥാനവും പവിത്രതയും അത്ര അധികമായിരുന്നു. ദൈവത്തിന്റെ പുരോഹിതൻ ദൈവികമനുഷ്യനായിത്തന്നെ അംഗീകരിക്കപ്പെട്ടിരുന്നു. കുടുംബത്തിന്റെ അഭിമാനമായി പുരോഹിതൻ മാറിയിരുന്നു. കാരണവന്മാരുടെയും സഹോദരീസഹോരന്മാരുടെയും കൂട്ടായ്മ പുരോഹിതനിലൂടെ പൂർത്തിയാക്കിക്കൊണ്ടിരുന്നു.

മേൽപറഞ്ഞ 5 സഹോദരൻമാർക്ക് 3 സഹോദരിമാർകൂടി ഉണ്ടായിരുന്നു.

1 ഏലി 2 മറിയം 3 അന്ന

**1 ഏലി :** പൈലോക്കാരണവരുടെ മൂത്തമകൾ ഏലിയെ ചെമ്പിളാവുകരയിൽ കിടാരത്തിൽ വർക്കി വിവാഹം ചെയ്തു. മത്തൻ എന്നു വിളിച്ചിരുന്ന മത്തായി ജനിച്ച് അധികം കഴിയുന്നതിനു മുൻപ് ഭർത്താവ് വർക്കി മരണമടഞ്ഞു. പിന്നീട് അയർക്കുന്നം നരിവേലിപ്പള്ളി ഇടവക കരിങ്ങോട്ടിൽ (പേരാലുങ്കൽ) രണ്ടാം വിവാഹം ചെയ്തയച്ചു. അതിൽ പാപ്പി എന്നും മത്തൻ എന്നും രണ്ടു മക്കളുണ്ടായി. ഇവർ ആരും ഇന്നു ജീവിച്ചിരിപ്പില്ല. എങ്കിലും ഇളംതലമുറ വിദ്യാസമ്പന്നരായി ഈ പ്രദേശങ്ങളിൽ നല്ല രീതിയിൽ ജീവിക്കുന്നു.

**2 മറിയം :** മറിയാമ്മ എന്നു വിളിച്ചിരുന്ന മറിയത്തെ മേവിടകരയിൽ വടക്കേമുറിയിൽ തോമസ് വിവാഹം ചെയ്തു. ഇവർ ഇന്നു ജീവിച്ചിരിപ്പില്ല. ഇവരുടെ മൂത്തമകൻ പൈലോ വടക്കേമുറിയിൽ എന്ന വീട്ടുപേരോടെ എരുമേലിക്കടുത്തു പാലമ്പ്ര എന്ന സ്ഥലത്തു താമസിക്കുന്നു. രണ്ടാമത്തെ മകൻ തൊമ്മച്ചനും മൂന്നാമത്തെ ആൾ കുട്ടി എന്നു വിളിക്കുന്ന ജോസഫും കോഴിക്കോട് പൂല്ലൂരാം പാറ എന്ന സ്ഥലത്തു മണ്ണു വയലിൽ വടക്കേമുറി എന്ന വീട്ടുപേരോടെ താമസിക്കുന്നു തൊമ്മച്ചൻ ഇന്നു ജീവിച്ചിരിപ്പില്ല.

**അന്ന :** അന്നമ്മയെ വെമ്പള്ളിയിൽ നരിക്കുഴി - കൊല്ലിത്താനത്ത് ചാക്കോ വിവാഹം ചെയ്തു. അവർ ഇരുവരും ഒരു

മകൻ പൈലിയും ഇന്നു ജീവിച്ചിരിപ്പില്ല ഇളയമകൻ ചാക്കോച്ചൻ കൊല്ലിത്താനത്തുമലയിൽ തറവാട്ടിൽ താമസിക്കുന്നു. അദ്ദേഹത്തിന്റെ മക്കളാണ്.

1 റവ. ഫാ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ

(ഇപ്പോൾ പാലാ രൂപതയിൽ വികാരി ജനറാളായി സേവനം ചെയ്യുന്നു.)


2 റവ. ഫാ. സുനിത് ജോസഫ് കൊല്ലിത്താനത്തുമലയിൽ

3 റവ. ഫാ. പോൾ (അനിൽ) കൊല്ലിത്താനത്തുമലയിൽ

ഇനി അടുത്ത പേജുകളിൽ അഞ്ച് അപ്പൻമാരെയും അവരുടെ കുടുംബാംഗങ്ങളെയും പറ്റി, അഞ്ചു ശാഖാകുടുംബങ്ങളായി തിരിച്ചു പ്രത്യേകം വിവരിച്ചിരിക്കുന്നു.




മൂശാരിയേട്ട് ബഹു. സെബാസ്റ്റ്യനച്ചന്റെ പൗരോഹിത്യസ്വീകരണവേളയിൽ
ബഹു. വൈദികരോടും അഞ്ചുശാഖകളിലെ മാതാപിതാക്കളോടും ചേർന്ന്. 1931 – ൽ വരാപ്പുഴ വച്ച് എടുത്ത ചിത്രം



ബഹു. സെബാസ്റ്റ്യൻ അച്ചനോടൊപ്പം, പിൻഗാമികളായ വൈദികർ
(1987 ൽ എടുത്ത ചിത്രം)
ഇടത്തുനിന്നു വലത്തോട്ട് : ഫാ. പോൾ തുണ്ടത്തിലേട്ട്,
ഫാ. പോൾ മൂശാരിയേട്ട്, ഫാ. ജോസ് മൂശാരിയേട്ട്



മൂശാരിയേട്ട് കുടുംബത്തിലെ വൈദികർ ബഹു. സിബിച്ചന്റെ (ഫ്രാൻസീസ്) പൗരോഹിത്യസ്വീകരണവേള
യിൽ എടുത്ത ഫോട്ടോ. 1995 ലെ ചിത്രം. ഇടത്തുനിന്നും വലത്തോട്ട്
ഫാ. പോൾ മൂശാരിയേട്ട്, ഫാ. സിബി മറ്റപ്പള്ളിൽ, ഫാ. പോൾ തുണ്ടത്തിലേട്ട്, ഫാ. ജോസ് മൂശാരിയേട്ട്



**മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ**
(വികാരി ജനറാൾ, പാലാ രൂപത)



**ഫാ. സുനിത് ജോസഫ്**
കൊല്ലിത്താനത്തുമലയിൽ



**ഫാ. പോൾ (അനിൽ)**
കൊല്ലിത്താനത്തുമലയിൽ

# മൂശാരിയേട്ട് കുടുംബാംങ്ങളായ ബ. കന്യാസ്ത്രീകൾ



മുൻനിര : സിസ്റ്റർ ഗബ്രിയേൽ സി. ട്രീസാ തോമസ്, സി. മെർജി
പിൻനിര : സി. ക്ലാരമ്മ തോമസ്, സി. ക്ലാരീസ്



സി. ആൻഡ്രിയ മുതുകാട്ടിൽ



സി. ബർത്തില്ല (ഏലിയാമ്മ)
തുണ്ടത്തിലേട്ട്



സി. ലിസി മൂശാരിയേട്ട്
മരങ്ങോലി



സി. സുമ പോൾ
മുശാരിയേട്ട്



സി. ലിസ മൂശാരിയേട്ട്
മരങ്ങോലി

# പാവനസ്മരണയ്ക്ക്



## എം. ഡി. ജോസഫ് മുതുകാട്ടിൽ

(മൂശാരിയേട്ട് കുടുംബയോഗം സ്ഥാപക പ്രസിഡന്റ്

ജനനം : 11.09.1921 മരണം : 05.07.2007

## മുൻ പ്രസിഡന്റുമാർ



എം. ഡി. ജോസഫ് മുതുകാട്ടിൽ
1991– 1995



ജോസഫ് തോമസ് എളുക്കാലായിൽ
1995– 1998



എം. ഡി. തോമസ് മുതുകാട്ടിൽ
1998– 2000



മേഴ്സി ബാബു കിഴക്കെതൊട്ടിയിൽ
2000– 2010



ഡോ. ബാബു ജോസഫ് കിഴക്കേതൊട്ടിയിൽ
2010 – 2013

## മുൻ സെക്രട്ടറിമാർ



എം. പി. തോമസ് തുണ്ടത്തിലേട്ട്
1991– 1995



എം. ടി. സെബാസ്റ്റ്യൻ മൂശാരിയേട്ട്
1995– 1997



എം. വി. സണ്ണി മറ്റപ്പള്ളിൽ
1997 – 1998



രാജു ജോസഫ് കിഴക്കേതൊട്ടിയിൽ
1998– 2000



ടോണി മുതുകാട്ടിൽ
2000– 2010



ചെറിയാൻ തുണ്ടത്തിലേട്ട്
2010– 2013